
Rs. 20/-

Keraleeyam
2008 March

Registered KL/CR/TCR/353/2006-08
Licence No. KL/TCR/WPP-18/2006-2008
Licenced to post without prepayment
Posted at Thrissur RMS/2 on 20&21/3/2008



## കുമ്പളങ്ങി

# കായൽനികത്തിയും അതിഥി സൽക്കാരം

ഇക്വേഷൻസ്

പ്രാദേശികസമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമാക്കി ഗ്രാമീണമേഖലകളിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികൾ പലപ്പോഴും ആസൂത്രണത്തിന്റെ പിഴവുകളും രാഷ്ട്രീയ കാപട്യങ്ങളും കൊണ്ട് ഗ്രാമീണ ജീവിതങ്ങൾക്ക് തിരിച്ചടിയാവുകയാണ്. ഇന്ത്യയിലെ തന്നെ സുപ്രധാന ഗ്രാമീണ ടൂറിസം മേഖലയായ എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമം തദ്ദേശവാസികളുടെ ഉന്നമനത്തിനായുള്ള സർക്കാർ ടൂറിസം പദ്ധതികളുടെ ഭാഗമായി അനുദിനം നശിച്ചുകൊണ്ടിരിക്കുകയാണ്. തദ്ദേശീയർക്ക് സാമൂഹികവും പരമ്പരാഗത ജീവിതശൈലികൾക്കും നിത്യവൃത്തിയ്ക്കുമായുള്ള മാർഗ്ഗങ്ങൾക്കും തടസ്സങ്ങൾ സൃഷ്ടിക്കുന്നതുമാണ് കുമ്പളങ്ങയിലെ വില്ലേജ് ടൂറിസം പദ്ധതികൾ. ഹോം-സ്റ്റേ (സ്വന്തം വീട്ടിൽ ടൂറിസ്റ്റുകളെ താമസിപ്പിച്ച് വരുമാനമുണ്ടാക്കുന്ന രീതി) പദ്ധതി വഴി തദ്ദേശവാസികൾക്ക് നേട്ടങ്ങളുണ്ടായിട്ടുണ്ടെങ്കിലും കായലും പൊക്കാളിപ്പാടങ്ങളും നികത്തിക്കൊണ്ട് വരാൻപോകുന്ന റിസോർട്ടുകളും കോട്ടേജുകളും കുമ്പളങ്ങിയുടെ പെരുമ വർദ്ധിപ്പിച്ചതോടെ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വന്ന താങ്ങാനാകാത്ത വർദ്ധനവും ഈ നേട്ടങ്ങളുടെ ഫലം ഇല്ലാതാക്കുകയാണ്. കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ കല്ലഞ്ചേരിയിൽ 4 ഏക്കറിൽ പണിതീർക്കുന്ന കലാഗ്രാമമാണ് പ്രദേശത്തെ ആവാസവ്യവസ്ഥയുടെ നിലനിൽപ്പിന് ഭീഷണിയായിവരുന്ന പുതിയ പദ്ധതി. കരകൗശല കേന്ദ്രവും മത്സ്യബന്ധന സാമഗ്രികളുടെ പ്രദർശനശാലയും തദ്ദേശീയ ഭക്ഷണകേന്ദ്രവും കലാഗ്രാമത്തിൽ ഉണ്ടാകും. കായൽത്തീരത്തിലൂടെ ഒരു കിലോമീറ്റർ നീളത്തിലുള്ള നടപ്പാതയും കലാഗ്രാമത്തിന്റെ ഭാഗമായി നിർമ്മിക്കുന്നുണ്ട്. കായലിന്റെ ആഴം കൂടുമ്പോൾ കിട്ടുന്ന മണ്ണുപയോഗിച്ച് നികത്തിയെടുക്കുന്ന 4 ഏക്കർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുമെന്നാണ് അധികൃതർ പറയുന്നത്. ഹാർബർ എഞ്ചിനീയറിംഗ് വിഭാഗമാണ് 35 ലക്ഷം രൂപ ചിലവാക്കി കായലിന്റെ ആഴം കൂട്ടുന്നത്. ഇതിൽ 10 ലക്ഷം രൂപ ടൂറിസം വകുപ്പും ബാക്കി ഏജൻസി ഫോർ ഡവലപ്മെന്റ് ഓഫ് അക്വകൾച്ചർ കേരളയുമാണ് സമാഹരിച്ചിരിക്കുന്നത്. പെരുമ്പടപ്പ് പാലം മുതൽ 850 മീറ്ററിൽ ആഴംകൂട്ടൽ പരിപാടി 2005 ഒക്ടോബറോടെ പൂർത്തിയായെങ്കിലും പ്രതീക്ഷിച്ചതിന് വിപരീതമായി മണലിനുപകരം ചെളിയാണ് കിട്ടിയത്. നിർദ്ദിഷ്ട കലാഗ്രാമത്തിനായുള്ള 4 ഏക്കർ കായൽ നികത്തുന്നതിന് അത് അപര്യാപ്തമായിരുന്നു. കേന്ദ്രസർക്കാർ 2 കോടി രൂപ കൂടി അടുത്തിടെ കലാഗ്രാമം പദ്ധതിക്കായി നീക്കിവച്ചതോടെ അധികൃതരും ബന്ധപ്പെട്ട ഏജൻസികളും വീണ്ടും കായലിന്റെ ആഴംകൂട്ടി മണ്ണെടുത്ത് കലാഗ്രാമത്തിനായുള്ള സ്ഥലം നികത്തിയെടുക്കാൻ നീക്കം നടത്തുകയാണ്. കേന്ദ്ര ടൂറിസം മന്ത്രാലയവും യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാമും ചേർന്ന് ഇന്ത്യയിലെ 36 ഗ്രാമീണകേന്ദ്രങ്ങൾ എൻഡോജനസ് ടൂറിസം പ്രോജക്ടിന്റെ ഭാഗമായി വികസിപ്പിക്കാൻ തിരഞ്ഞെടുത്തതിൽ കുമ്പളങ്ങിയും ഉൾപ്പെട്ടിട്ടുണ്ട്. ടൂറിസം പദ്ധതികൾ വഴി ഗ്രാമീണ ജനതയ്ക്ക് നിത്യവൃത്തിക്കായുള്ള മെച്ചപ്പെട്ട മാർഗ്ഗങ്ങൾ അവരുടെ ജൈവ ആവാസവ്യവസ്ഥയ്ക്ക് ഭംഗംവരുത്താത്ത രീതിയിൽ കണ്ടെത്തുകയാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. പക്ഷെ കുമ്പളങ്ങിയിൽ കായൽ നികത്തി നിർമ്മിക്കുന്ന കലാഗ്രാമം ഇതിന് വിപരീതമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. കായലും പൊക്കാളിപ്പാടങ്ങളും നികത്തി നിർമ്മിക്കുന്ന കലാഗ്രാമം എൻഡോജനസ് ടൂറിസം പ്രോജക്ടിന്റെ എല്ലാ വ്യവസ്ഥകളെയും നഗ്നമായി ലംഘിക്കുകയാണ്. ഈ നിർമ്മാണ പ്രവർത്തനങ്ങൾ പ്രദേശത്തെ മത്സ്യസമ്പത്തിനും കുടിവെള്ളത്തിനും ശോഷണം വരുത്തുകയും ജനജീവിതം ദുസ്സഹമാക്കുന്നതിന് കാരണമാവുകയും ചെയ്യും. കേന്ദ്രടൂറിസം മന്ത്രാലയം ഈ പ്രശ്നങ്ങളിൽ ശ്രദ്ധ ചെലുത്തുകയും കലാഗ്രാമത്തിന് നൽകിയ സാമ്പത്തിക സഹായങ്ങൾ വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ പിൻവലിക്കുകയും ചെയ്യേണ്ടതാണ്.

ഇതുകൂടാതെ കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് പുത്തൻകരി പ്രദേശത്തുള്ള പൊക്കാളി പാടത്തെ വെള്ളക്കെട്ടിൽ തൂണുകൾ നിർമ്മിച്ച് 56 ടൂറിസ്റ്റ് കോട്ടേജുകൾ നിർമ്മിക്കുന്നതിന് പോപ്പീസ് ഇൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യഗ്രൂപ്പിന് അനുമതി നൽകിയിട്ടുണ്ട്. ഇവർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പാടങ്ങൾ ഭൂരിഭാഗവും ഇപ്പോൾത്തന്നെ നികത്തിക്കഴിഞ്ഞു. ജില്ലാ കളക്ടർ ഇടപെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ 2007 നവംബറിൽ ഉത്തരവിട്ടു. നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിനുള്ള സർക്കാർ നയങ്ങൾക്ക് തീർത്തും എതിരായിട്ടാണ് കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് പ്രവർത്തിച്ചത്. 2006 സെപ്തംബറിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലൊളി മുഹമ്മദ്കുട്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള ജലസ്രോതസ്സുകളും നെൽവയലുകളും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള നടപടികൾ നിർബന്ധമായും കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇതൊന്നും ബാധകമല്ലാത്ത രീതിയിലാണ് കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് പൊക്കാളി പാടം നികത്തി കോട്ടേജുകൾ പണിയുന്നതിനുള്ള അനുമതി നൽകിയത്.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Pattabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576843. E-mail : keraleeyamtcr@rediffmail.com